3 (*123) മുനിസിപ്പാലിറ്റികളെ കോർപ്പറേഷനാക്കാനുള്ള നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മുനിസിപ്പാലിറ്റികളെ കോർപ്പറേഷനാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കൊല്ലം, തൃശ്ശൂർ എന്നീ മുനിസിപ്പാലിറ്റികൾക്ക് കോർപ്പറേഷൻ പദവി നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, തൃശ്ശൂർ എന്നീ മുനിസിപ്പാലിറ്റികൾക്ക് എന്നു മുതൽ കോർപ്പറേഷൻ പദവി നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മുനിസിപ്പാലിറ്റികളെ കോർപ്പറേഷൻ ആക്കുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി): സർ,

(എ) ഉണ്ട്.

(ബി)&(സി) കൊല്ലം, തൃശൂർ എന്നീ മുനിസിപ്പാലിറ്റികൾക്ക് കോർപ്പറേഷൻ പദവി നൽകുന്നതു സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) നിർദ്ധിഷ്ട കോർപ്പറേഷനുകളുടെ അതിർത്തികൾ നിശ്ചയിച്ച ശേഷവും നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കും മാത്രമെ നിലവിലുള്ള ഘടനയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

(ഇ) അതതുപ്രദേശത്തെ നഗരവൽക്കരണം, ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശഭരണ നടത്തിപ്പിന് ലഭിക്കാവുന്ന വരുമാനം, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ തോത്, സാമ്പത്തിക പ്രാധാന്യം തുടങ്ങിയവയാണ് മുനിസിപ്പാലിറ്റികളെ കോർപ്പറേഷൻ ആക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട മന്ത്രി ചില പ്രധാനപ്പെട്ട പട്ടണങ്ങളെ കോർപ്പറേഷനുകളാക്കി ഉയർത്തുന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ വളരെ വേഗം പട്ടണങ്ങളായി വളർന്നുകൊണ്ടിരിക്കുന്ന ചില പഞ്ചായത്തുകൾ കേരളത്തിലുണ്ട്. അത്തരം പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കി മാറ്റുന്നതിനും ചില പഞ്ചായത്തുകളെ ടൗൺ പഞ്ചായത്തുകളാക്കി മാറ്റുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : നിലവിലുള്ള പഞ്ചായത്തുകൾ ടൗൺ പഞ്ചായത്തുകളാക്കി മാറ്റാനും ടൗൺ പഞ്ചായത്തുകളായി കഴിഞ്ഞതിനുശേഷമേ അതിനെ മുനിസിപ്പാലിറ്റിയാക്കി ഉയർത്താനുമുള്ള നടപടി തൽക്കാലം ഗവൺമെന്റ് എടുക്കുന്നില്ല. കാരണം, കഴിഞ്ഞ 1990-ൽ നിലവിൽ വന്നിട്ടുള്ള ജില്ലാ കൗൺസിലിന്റെ കാലഘട്ടത്തിൽ മുനിസിപ്പാലിറ്റികൾ ജില്ലാ പഞ്ചായത്തിന്റെ അതിർത്തിക്കകത്തായി പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് പുറത്താണ് ഇന്ന് നഗരസഭകൾ ഇരിക്കുന്നത്. അതുകൊണ്ട് ധാരാളം പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി മാറുന്നതു വഴി നിലവിലുള്ള ജില്ലാ പഞ്ചായത്തുകൾ ദുർബലപ്പെട്ടു പോകുമെന്നാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ട് അവശ്യം വേണ്ടുന്ന പഞ്ചായത്തുകൾ മാത്രം നിലവിലുള്ള മുനിസിപ്പാലിറ്റികളോട് കൂട്ടിച്ചേർക്കുകയെന്നുള്ള നിലപാടല്ലാതെ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : മുനിസിപ്പാലിറ്റികളുടെ സമീപ പ്രദേശത്തുള്ള നന്നായിട്ട് വളർന്നുകൊണ്ടിരിക്കുന്ന ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിക്ക് സമീപപ്രദേശത്തുണ്ട്. അത്തരം പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായിട്ട് യോജിപ്പിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന ആ പ്രദേശങ്ങളെ കൂടുതൽ വികസനത്തിന് സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ഇന്ന് നിലവിലുള്ള മുനിസിപ്പാലിറ്റികളോടു തൊട്ടുകിടക്കുന്ന പഞ്ചായത്തുകൾ കൂടുതൽ വികസനം നേടിയിട്ടുള്ള പ്രദേശങ്ങൾ, ആ മുനിസിപ്പാലിറ്റിയുടെ സമഗ്രമായിട്ടുള്ള വികസനത്തിന് അതുകൂടി കൂട്ടിച്ചേർക്കുന്നതിന് സഹായകമായിരിക്കുമെന്ന് ബോധ്യപ്പെട്ടാൽ അത്തരം അപൂർവ്വം പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളോട് കൂട്ടിച്ചേർക്കണമെന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, പുതുതായി രൂപീകരിക്കുന്ന കോർപ്പറേഷനുകളിൽ ഏതെല്ലാം പ്രദേശങ്ങളാണ് കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? ഇതിന് സമീപ പഞ്ചായത്തുകളുടെ അഭിപ്രായം കൂടി പരിഗണിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകളാക്കി മാറ്റി ഉയർത്തുന്ന സമയത്ത് തൊട്ട് കിടക്കുന്ന ഏതെല്ലാം പ്രദേശങ്ങൾ അതിൽ ഉൾപ്പെടുത്തണം എന്നുള്ളതിനെ സംബന്ധിച്ച് പഠിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ നടപടിയെടുത്തശേഷം അങ്ങനെ കിട്ടുന്ന റിപ്പോർട്ട് ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ആലോചിച്ച് അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും തീരുമാനം എടുക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കേരളത്തിൽ തൃശൂർ മുനിസിപ്പാലിറ്റിക്ക് മാത്രമുള്ള വൈദ്യുതി വിതരണ അവകാശങ്ങളും ശുദ്ധജല വിതരണ അവകാശങ്ങളും കോർപ്പറേഷനുകളാക്കുമ്പോൾ തുടർന്നു കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : തീർച്ചയായിട്ടും നിലവിലുള്ള ഒരു അധികാരം, ഒരു അവകാശം ഒരിക്കലും നഷ്ടപ്പെടുന്ന രീതിയിൽ ഒരു തീരുമാനം വരാൻ സാദ്ധ്യതയുണ്ടാകുന്നില്ല. അതുകൊണ്ട് അതിന്റെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

207/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് : സർ, നിലവിലുള്ള കോർപ്പറേഷനു ചുറ്റുമുള്ള നഗരവൽക്കരിക്കപ്പെട്ട പഞ്ചായത്തുകൾ കോർപ്പറേഷനോട് കൂട്ടി ച്ചേർത്ത് വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അതിന്റെ ഉത്തരമാണ് ഞാൻ പറഞ്ഞത്. അത്യാവശ്യം വേണ്ടുന്ന പഞ്ചായത്തുകൾ നിലവിലുള്ള മുനിസിപ്പാലിറ്റികളോട് കൂട്ടിച്ചേർക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് : പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുമ്പോൾ അതിനോട് ചേർക്കുന്ന പഞ്ചായത്തുകളിലെ നികുതി ഘടനയും ഇന്ന് നിലനിൽക്കുന്ന മുനിസിപ്പാലിറ്റിയിലെ നികുതി ഘടനയും ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സാധാരണ പഞ്ചായത്ത് മുനിസിപ്പാലിറ്റിയായിട്ട് മാറുമ്പോൾ മുനിസിപ്പാലിറ്റി നിലവിൽ സ്വീകരിച്ചു പോരുന്ന മാനദണ്ഡം പഞ്ചായത്തിന് സ്വീകരിക്കേണ്ടി വരില്ല. പഞ്ചായത്ത് മുനിസിപ്പാലിറ്റിയായിട്ട് മാറുകയാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കാനുള്ള നിർദ്ദേശങ്ങൾ വല്ലതും പരിഗണനയിലുണ്ടോ? ഉണ്ടെങ്കിൽ പഞ്ചായത്തുകളിൽപ്പെട്ട വയനാട്ടിലെ ഒരു മുനിസിപ്പാലിറ്റി മാത്രമേയുള്ളൂ. ഏറ്റവും കൂടുതൽ വരുമാനം കേരളത്തിലുള്ളത് ബത്തേരി പഞ്ചായത്താണ്. ആ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാൻ വല്ല ഉദ്ദേശവുമുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : നിലവിലുള്ള ഏതെങ്കിലും പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കണം എന്ന് .ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വർഗ്ഗീസ് വൈദ്യർ : വലിയ പഞ്ചായത്തുകൾ വിഭജിക്കുമ്പോൾ എത്ര പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശമുണ്ട്? ജനസംഖ്യാ തോതിലാണോ? വരുമാനത്തിന്റെയടിസ്ഥാനത്തിലാണോ വിഭജിക്കാൻ ഉദ്ദേശിക്കുന്നത്? അതിനെപ്പറ്റി ഗവൺമെന്റ് പരിഗണനയിൽ ഏതെല്ലാമുണ്ട് എന്ന് പറയുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : കേരളത്തിൽ ഏതാണ്ട് 86,000 ജനസംഖ്യയുള്ള പഞ്ചായത്തുകൾ ഇന്ന് നിലവിലുണ്ട്. അതുപോലെ തന്നെ ജനസംഖ്യ കുറവാണെങ്കിൽ വളരെ വിസ്തൃതമായിട്ടുള്ള മേഖലയുൾക്കൊള്ളുന്ന പഞ്ചായത്തുകളും ഉണ്ട്. അതുകൊണ്ട് വളരെ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ വിഭജിക്കണം എന്നുള്ള ആവശ്യം നിരവധി പഞ്ചായത്തുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ജനസംഖ്യ കുറവാണെങ്കിലും ഭരണസൗകര്യത്തിനുവേണ്ടി പ്രത്യേകിച്ച് അട്ടപ്പാടി, വയനാട്, ഇടുക്കി തുടങ്ങിയിട്ടുള്ള മേഖലകളിൽ അത്തരം പഞ്ചായത്തുകൾ വിഭജിക്കുന്നതിൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കും എന്നുള്ള അഭിപ്രായം വന്നിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് എടുക്കുന്നതായിരിക്കും.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം നൽകിയവസരത്തിൽ നിലവിലുള്ള പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കാൻ ഉദ്ദേശിക്കുന്നില്ലയെന്ന് പറയുകയുണ്ടായി. 1987- ലെ ഗവൺമെന്റിന്റെ കാലത്ത് മുനിസിപ്പാലിറ്റികളാക്കി മാറ്റിയ പഞ്ചായത്തുകൾ പിന്നീട് പഞ്ചായത്തുകളാക്കി മാറ്റിയിട്ടുണ്ട്. ഉദാഹരണമായി പറഞ്ഞാൽ പിറവം, കൂത്താട്ടുകുളം തുടങ്ങി കേരളത്തിലെ ഏതാനും പഞ്ചായത്തുകളാണ് മുനിസിപ്പാലിറ്റിയാക്കി

യത്. ജനങ്ങളുടെ താൽപ്പര്യക്കുറവ് കണക്കിലെടുത്തുകൊണ്ട് ആ മുനിസിപാലിറ്റികൾ വീണ്ടും പഞ്ചായത്തുകളാക്കി മാറ്റി. അങ്ങനെയുള്ള പഞ്ചായത്തുകളെ വീണ്ടും മുനിസിപ്പാലിറ്റിയാക്കി മാറ്റാനുള്ള നീക്കം നടക്കുന്നതായി അറിയുന്നുണ്ട്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ? അതിന് നയപരമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : അത്തരത്തിലുള്ള പഞ്ചായത്തുകളെ മുനിസിപ്പാലിറ്റി ആക്കുന്നതിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അഭിപ്രായം ഗവൺമെന്റ് ആരാഞ്ഞശേഷം അതുകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ തീരുമാനം എടുക്കുകയുള്ളുവെന്ന് ഞാൻ ഇവിടെ പറഞ്ഞു.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, ചില സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ടൗൺ പഞ്ചായത്തുകളാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ 1994 മുതൽ പരിഗണനയിലുണ്ട്. കാസർഗോഡ് ജില്ലയിലെ കുമ്പള, നീലേശ്വരം പഞ്ചായത്തുകളും സംസ്ഥാനത്തെ മറ്റു ചില സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളും അത് സംബന്ധിച്ച് പ്രത്യേകമായി പരിഗണിച്ചുകൊണ്ട് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ടൗൺ പഞ്ചായത്തുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ടൗൺ പഞ്ചായത്തായിരുന്നാലും നിയമസഭയിൽ പഞ്ചായത്ത് മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനു മുൻപ് നേരിട്ട് മുനിസിപ്പാലിറ്റി ആക്കാനുള്ള അധികാരം ഉണ്ടായിരുന്നില്ല. ഈ ഭേദഗതികളുടെ അടിസ്ഥാനത്തിൽ നേരിട്ട് പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കാൻ സാധിക്കും. പക്ഷേ അതുകൊണ്ടല്ല. ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളത് പോലെ നിലവിലുള്ള ജില്ലാ പഞ്ചായത്തുകളുടെ കാര്യം പരിഗണിക്കുമ്പോൾ വളരെ കൂടുതൽ മുനിസിപ്പാലിറ്റികൾ ഓരോ ജില്ലയിലും വരുന്നത് ജില്ലാ പഞ്ചായത്തുകളെ ക്ഷീണിപ്പിക്കും എന്നുള്ളതുകൊണ്ടാണ്. തൽക്കാലം അത് വേണ്ടയെന്ന് തീരുമാനിച്ചത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : മന്ത്രി നേരത്തെ പറയുകയുണ്ടായി, തൃശ്ശൂരും കൊല്ലവും കോർപ്പറേഷനുകളാക്കാൻ പോകുന്നുവെന്ന്. അതിനു ശേഷം പറഞ്ഞു ഈ പുതിയ കോർപ്പറേഷനുകളെ സംബന്ധിച്ചുള്ള വ്യക്തമായ രൂപമൊന്നും ഗവൺമെന്റിനില്ലായെന്ന്. ഇത് എന്ത് മാനദണ്ഡത്തിലാണ്? ചെരുപ്പിനനുസരിച്ച് കാല് മാറുന്നതുപോലെയായി. കൊല്ലവും തൃശ്ശൂരും കോർപ്പറേഷനാക്കാൻ തീരുമാനിച്ചോയെന്ന് ദയവായി വെളിപ്പെടുത്താമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : കൊല്ലം, തൃശൂർ എന്നീ രണ്ടു മുനിസിപ്പാലിറ്റികൾ വളരെക്കാലമായി കോർപ്പറേഷൻ ആക്കണമെന്നുള്ള അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. കഴിഞ്ഞ കാലത്തുള്ള ഗവൺമെന്റുകൾ അത് പരിഗണിച്ചതാണ്. തൽക്കാലം രൂപീകരിക്കുന്നില്ലയെന്നുള്ള തീരുമാനം എടുത്തതാണ്. കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റി നമുക്ക് കാണാൻ കഴിയുന്നത് ഒരു കാര്യം ആ പട്ടണത്തിന്റെ മദ്ധ്യഭാഗം സ്ഥിതിചെയ്യുന്നത് പഞ്ചായത്തിലാണ്. ആ മുനിസിപ്പാലിറ്റിയുടെ സമഗ്രമായിട്ടുള്ള വികസനം നടക്കണമെന്നുണ്ടെങ്കിൽ ചുറ്റു പ്രദേശത്തുള്ള പഞ്ചായത്തുകൾ കൂട്ടിച്ചേർത്തുകൊണ്ട് അതിനെ കോർപ്പറേഷനാക്കുന്നതാണ് നല്ലത് എന്ന് ഗവൺമെന്റിന് തോന്നി. അതിന്റെ യടിസ്ഥാനത്തിലാണ് തീരുമാനമെടുത്ത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly